## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.658** — **29.10.2019-ൽ മറുപടിക്ക്**

### കെ- ഫോൺ പദ്ധതി കരാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വിൻസെന്റ്<br>" സണ്ണി ജോസഫ്<br>" തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി ഏതൊക്കെ കമ്പനികൾക്കാണ് കരാർ നൽകിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് നേതൃത്വം നൽകുന്ന കൺസോർഷ്യത്തിനാണ് കരാർ നൽകിയിരിക്കുന്നത്. |
| (ബി) എസ്റ്റിമേറ്റ് തുകയിൽ നിന്നും 600 കോടി രൂപ അധികമായ പ്രസ്തുത കരാർ അംഗീകരിക്കാൻ ഉണ്ടായ സാഹചര്യം വിശദമാക്കാമോ; | (ബി) കേരള ഫൈബർ ഒപ്റ്റിക് നെറ്റ്-വർക്ക് (കെ-ഫോൺ) പദ്ധതിക്ക് ഭരണാനുമതി നൽകിയപ്പോൾ, പ്രതിവർഷ പ്രവർത്തന ചെലവായ 104.4 കോടി രൂപ, 7 വർഷത്തേക്ക് കണക്കാക്കുന്നതിന് പകരം, ഒരു വർഷത്തേക്ക് മാത്രമായി കണക്കാക്കുകയും, അങ്ങനെ ഭരണാനുമതി തുക 1028.20 കോടി രൂപയായി നിജപ്പെടുകയുണ്ടായി. 7 വർഷത്തെ ഓപ്പറേഷൻ & മെയിന്റനൻസ് (പ്രവർത്തന ചെലവ്) കണക്കാക്കുമ്പോൾ, എസ്റ്റിമേറ്റ് തുക 1654.60 കോടി രൂപയാണ്. എന്നാൽ രണ്ട് വർഷത്തെ നിർമ്മാണ പ്രവർത്തനത്തിനും 7 വർഷത്തെ ഓപ്പറേഷൻസ് & മെയിന്റനൻസും (പ്രവർത്തന ചെലവ്) ഉൾപ്പെടെ ആകെ 9 വർഷത്തേക്ക് 1531.68 കോടി രൂപയുടെ കരാറാണ് ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന് നൽകിയത്. ഇത് എസ്റ്റിമേറ്റ് തുകയുടെ പരിധിയിൽ തന്നെയാണ്. |
| (സി) മത്സരാധിഷ്ഠിത ടെൻഡറുകൾക്ക് നിഷ്കർഷിച്ചിട്ടുള്ള നിയമങ്ങൾ പാലിച്ചുകൊണ്ടാണോ കെ- ഫോൺ പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കിയിരിക്കുന്നത് എന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ ഇതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ? | (സി) സർക്കാരിന്റെ ഇ-ടെൻഡർ പോർട്ടൽ വഴി നിഷ് കർഷിച്ചിട്ടുള്ള നിയമങ്ങളും മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് കെ ഫോൺ പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കിയത്. |

(signature)

സെക്ഷൻ ഓഫീസർ